**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 765 | 30.01.2019-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് വായ്പ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.എൻ.ഷംസീർ** | | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് വായ്പ അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വസ്തുവിന്റെ ഈടിന്മേൽ ഭവന വായ്പായിനത്തിൽ ഒരു ലക്ഷം രൂപ പലിശരഹിത വായ്പാ പദ്ധതി പ്രകാരം അനുവദിച്ച് നൽകിയിരുന്നു. എന്നാൽ 2011 ന് ശേഷം ഈ പദ്ധതി പ്രകാരം അപേക്ഷകൾ ലഭ്യമായിട്ടില്ല. 2018-19 വർഷം പദ്ധതിയ്ക്കായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും നിലവിൽ ഈ പദ്ധതി സജീവമല്ല. ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>• വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.<br>• വകുപ്പിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കാത്തവർക്കാണ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നത്.<br>• നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം അസ്സൽ പ്രമാണം, കരം അടച്ച രസീത്, കൈവശവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ് ലൊക്കേഷൻമാപ്പ്, തണ്ടപ്പേര് കണക്ക്, ബാദ്ധ്യത സർട്ടിഫിക്കറ്റ്, ടൈറ്റിൽ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പ്ലാൻ & എസ്റ്റിമേറ്റ്, തിരിച്ചറിയൽ രേഖകൾ എന്നിവ സഹിതം ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>• 30%, 50%, 20% എന്ന നിരക്കിൽ വായ്പാ തുക വിതരണം ചെയ്യുന്നു.<br>• വായ്പാ തുകയുടെ അവസാന ഗഡു |

| | | | |
|---|---|---|---|
| | | | കൈപ്പറ്റി ഒരു വർഷം പൂർത്തിയാകുന്ന മുറയ്ക്ക് തിരിച്ചടവ് ആരംഭിക്കുന്നതാണ്.<br>• 240 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്.<br>പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ 10 ലക്ഷം രൂപ വരെ ഭവന നിർമ്മാണ വായ്പ നൽകുന്ന ഒരു പുതിയ പദ്ധതി "ഞങ്ങളുടെ വീട്" ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ